"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ പുതിയ 12 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/HOME തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)16773/2020 നമ്പർ കേസിലെ 03.07.2025- ലെ വിധിന്യായം.
2. സംസ്ഥാന പോലീസ് മേധാവിയുടെ 14.10.2025- ലെ S4(a)-106386/2021/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)16773/2020 നമ്പർ കേസ് പരിഗണിക്കവേ, NDPS & POCSO കേസുകളിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ നിന്ന് റിപ്പോർട്ടുകൾ ലഭിക്കുന്നതിലും ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ നികത്തുന്നത് സംബന്ധിച്ച വിഷയത്തിലും സർക്കാരും കേരള പി.എസ്.സിയുമായി ഒരു സംയുക്ത യോഗം ചേരാനും കാലതാമസം കുറയ്ക്കുന്നതിനുള്ള രീതിശാസ്ത്രം ബഹുമാനപ്പെട്ട കോടതിയിൽ അവതരിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17/09/2025 ന് സംയുക്ത യോഗം ചേരുകയും ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. സർക്കാർ നിർദ്ദേശത്തെ തുടർന്ന് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിൽ, സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ ഫോറൻസിക്ക് ലബോറട്ടറി പരിശോധനയ്ക്കായി എത്തുന്ന കേസുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായിരിക്കുന്നുവെന്നും കൂടാതെ 2018 മുതൽ 2024 വരെ ലബോറട്ടറിയിൽ സർക്കാരിൽ നിന്നും അനുവദിച്ചിരുന്ന ടെക്നിക്കൽ സ്റ്റാഫിന്റെ എണ്ണവും പരിശോധനയ്ക്കായി സ്വീകരിക്കപ്പെട്ട കേസുകളുടെ എണ്ണവും ചുവടെ പറയും പ്രകാരമാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

| **വർഷം** | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 |
|---|---|---|---|---|---|---|---|
| അംഗീകൃത അംഗബലം | 134 | 134 | 134 | 134 | 134 | 134 | 163 |
| ലഭ്യമായ | 6506 | 7335 | 8062 | 11368 | 13273 | 13759 | 16222 |

| | | | | | | | |
|---|---|---|---|---|---|---|---|
| കേസുകളുടെ എണ്ണം | | | | | | | |

3. നിലവിൽ ,സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം (POCSO ACT) രജിസ്റ്റർ ചെയ്ത 7296 കേസുകൾ പരിശോധന കാത്തു കിടക്കുകയാണെന്നും ആയതിൽ POCSO ACT കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളും പരിശോധിക്കുന്നതിന് Biology, DNA, Cyber ഡിവിഷനുകളിൽ നിലവിൽ 80 ഉദ്യോഗസ്ഥർ (അസിസ്റ്റന്റ് ഡയറക്ടർ, സയന്റിഫിക് ഓഫീസർ ഉൾപ്പടെ) മാത്രമാണുള്ളതെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ NDPS ആക്ട് പ്രകാരം (NDPS ACT) രജിസ്റ്റർ ചെയ്തിട്ടുള്ള 4054 കേസുകൾ നിലവിൽ പരിശോധന കാത്തു കിടക്കുകയാണെന്നും ആയതിൽ NDPS ആക്ട് കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളും പരിശോധിക്കുന്നതിനു കെമിസ്ട്രി, നാർക്കോർട്ടിക്സ്, എക്സ്പ്ലോസീവ്സ് ഡിവിഷനുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ (അസിസ്റ്റന്റ് ഡയറക്ടർ, സയന്റിഫിക് ഓഫീസർ ഉൾപ്പടെ) എണ്ണം 40 ആണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

4. മേൽ വസ്തുതകൾ കണക്കിലെടുത്ത് ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ സുഗമമമായ പ്രവർത്തനത്തിനും സമയബന്ധിത ഫോറൻസിക് പരിശോധനകൾ പൂർത്തിയാക്കുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യയാതിനാൽ ഏറ്റവും അടിയന്തരമായി സയന്റിഫിക് ഓഫീസർ (ബയോളജി) വിഭാഗത്തിൽ 8 ഉം, സയന്റിഫിക് ഓഫീസർ (കെമിസ്ട്രി) വിഭാഗത്തിൽ 7ഉം ,സയന്റിഫിക് ഓഫീസർ (ഡോക്യുമെന്റ്സ്) വിഭാഗത്തിൽ 16 ഉം ഉൾപ്പെടെ 31 തസ്തികകൾ സൃഷ്ടിക്കണമെന്നഭ്യർത്ഥിച്ച് സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫോറൻസിക്ക് സയൻസ് ലബോറട്ടറിയിൽ ബയോളജി വിഭാഗത്തിൽ 3 ഉം, കെമിസ്ട്രി വിഭാഗത്തിൽ 4ഉം , ഡോക്യുമെന്റ്സ് വിഭാഗത്തിൽ 5 ഉം ഉൾപ്പെടെ ആകെ 12 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഫോറൻസിക്ക് സയൻസ് ലബോറട്ടറി, തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ,എറണാകുളം(ആമുഖകത്ത് സഹിതം)
സെക്രട്ടറി,കേരളാപബ്ലിക്ക് സർവ്വീസ് കമ്മീഷൻ(ആമുഖകത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി വകുപ്പ്) 31.12.2025- ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ ഇനം നം.3491 പ്രകാരം)
ധനകാര്യ വകുപ്പ്(07.11.2025- ലെ A3/392/2025-FIN(E:3263110) Finance(Exp-A) പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 01-01-2026 18:00:16

പകർപ്പ്-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
3) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
4) പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ സി. എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 31-12-2025

ഫയൽ നം. കെ2/199/2021/ആഭ്യന്തരം.

ഇനം നം: 3491

വിഷയം : ആഭ്യന്തര വകുപ്പ് - ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ 12 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3491

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **കെ2/199/2021- ആഭ്യന്തരം** |
| 2 | വകുപ്പ് | **ആഭ്യന്തര (കെ) വകുപ്പ്** |
| 3 | വിഷയം | **ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ 12 തസ്തികകൾ സൃഷ്ടിക്കുന്നത്- സംബന്ധിച്ച്.** |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26/11/2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br><br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **അതെ**<br><br>**ഉണ്ട്** |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | **ഇല്ല** |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | **ശ്രീമതി രശ്മി എ ആർ** |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | **ശ്രീ.ബിശ്വനാഥ് സിൻഹ** |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/12/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | **ഡോ. എ. ജയതിലക്** |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/12/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | **ശ്രീ. പിണറായി വിജയൻ** |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25/12/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/12/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലാണ് കുറിപ്പിലെ പരിഗണനാ വിഷയം.

2) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 28 പുതിയ സയന്റിഫിക് ഓഫീസർ തസ്തികകൾ ( ബയോളജി- 12, ഡോക്യുമെന്റ് -10 , കെമിസ്ട്രി-6) സൃഷ്ടിച്ച്കൊണ്ട് G.O(Ms) No. 16/2024/Home , തീയതി 12.01.2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)16773/2020 നമ്പർ കേസ് പരിഗണിക്കവേ NDPS , POCSO കേസുകളിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ നിന്ന് റിപ്പോർട്ടുകൾ ലഭിക്കുന്നതിലും ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ നികത്തുന്നത് സംബന്ധിച്ച വിഷയത്തിലും സർക്കാരും കേരള പി.എസ്.സിയുമായി ഒരു സംയുക്ത യോഗം ചേരാനും കാലതാമസം കുറയ്ക്കുന്നതിനുള്ള രീതിശാസ്ത്രം ബഹുമാനപ്പെട്ട കോടതിയിൽ അവതരിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും 03.07.2025- ൽ ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17/09/2025 ന് സംയുക്ത യോഗം ചേരുകയും ചെയ്തിരുന്നു.

4) 17/09/2025 ലെ സംയുക്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. The State Police Chief shall submit a new proposal urgently before the Government justifying the urgent requirement for creating 8 additional posts of Scientific Officer (Biology), 7 additional posts of Scientific Officer (Chemistry) and 16 additional posts of Scientific Officer (Documents) in the Forensic Science Laboratory.

2. After receiving the proposal detailing the necessity of Additional posts of Scientific Officers in the Forensic Science Laboratory from the State Police Chief, the concerned file shall be recommended and forwarded to the Finance Department for their concurrence.

3. The Finance Department should take immediate steps to sanction these posts

considering the urgency in dealing with NDPS and POCSO related cases in view of the directions given by the Hon'ble Kerala High Court in WP(C) NO. 16773/2020 on 03.07.2025.

4. The Public Service Commission has to take immediate steps to fill all the vacancies of Scientific Officers in Forensic Science Laboratory which are reported by the State Police Chief, with immediate effect.

5) 17/09/2025- ലെ സംയുക്ത യോഗതീരുമാനം നമ്പർ (1) ന്റെ അടിസ്ഥാനത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

a) സംസ്ഥാനത്ത് കഴിഞ്ഞ 7 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ FSL പരിശോധനയ്ക്കായി എത്തുന്ന കേസുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായിരിക്കുന്നുവെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ 2018 മുതൽ 2024 വരെ ലബോറട്ടറിയിൽ സർക്കാരിൽ നിന്നും അനുവദിച്ചിരുന്ന ടെക്നിക്കൽ സ്റ്റാഫിന്റെ എണ്ണവും പരിശോധനയ്ക്കായി സ്വീകരിക്കപ്പെട്ട കേസുകളുടെ എണ്ണവും ചുവടെ പറയും പ്രകാരമാണെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരിക്കുന്നു.

| വർഷം | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024 |
|---|---|---|---|---|---|---|---|
| അംഗീകൃത അംഗബലം | 134 | 134 | 134 | 134 | 134 | 134 | 163 |
| ലഭ്യമായ കേസുകളുടെ എണ്ണം | 6506 | 7335 | 8062 | 11368 | 13273 | 13759 | 16222 |

b) നിലവിൽ പോക്സോ നിയമപ്രകാരം (POCSO ACT) രജിസ്റ്റർ ചെയ്ത 7296 കേസുകൾ പരിശോധന കാത്തു കിടക്കുകയാണെന്നും ആയതിൽ POCSO ACT കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളും പരിശോധിക്കുന്നതിന് Biology, DNA, Cyber ഡിവിഷനുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ (അസിസ്റ്റന്റ് ഡയറക്ടർ, സയന്റിഫിക് ഓഫീസർ ഉൾപ്പെടെ) എണ്ണം താഴെ പറയും വിധമാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നം. | വിഭാഗം | യൂണിറ്റ് | | | | | |
|---|---|---|---|---|---|---|---|
| | | SFSL | RFSL KNR | RFSL TSR | RFSL Kochi | DFSLs | Total |
| 1 | Biology | 7 | 5 | 4 | 5 | 19 | 40 |
| 2 | DNA | 7 | 0 | 4 | - | - | 11 |
| 3 | Cyber | 11 | 3 | 5 | 4 | 6 | 29 |
| | ആകെ | | | | | | 80 |

c) നിലവിൽ NDPS ആക്ട് പ്രകാരം (NDPS ACT) രജിസ്റ്റർ ചെയ്തിട്ടുള്ള 4054 കേസുകൾ പരിശോധന കാത്തു കിടക്കുകയാണെന്നും ആയതിൽ NDPS ആക്ട് കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളും പരിശോധിക്കുന്നതിനു കെമിസ്ട്രി, നാർക്കോർട്ടിക്സ്, എക്സ്പ്ലോസീവ്സ് ഡിവിഷനുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ (അസിസ്റ്റന്റ് ഡയറക്ടർ, സയന്റിഫിക് ഓഫീസർ ഉൾപ്പടെ) എണ്ണം താഴെ പറയും വിധമാണെന്നും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നം. | വിഭാഗം | യൂണിറ്റ് | | | | | |
|---|---|---|---|---|---|---|---|
| | | SFSL | RFSL KNR | RFSL TSR | RFSL Kochi | DFSLs | Total |
| 1 | Chemistry | 5 | 3 | 4 | 5 | 19 | 36 |
| 2 | Narcotics | - | - | 3 | - | - | 3 |
| 3 | Explosive | 1 | - | - | - | - | 1 |
| | ആകെ | | | | | | 40 |

6. മേൽ സാഹചര്യത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെ സുഗമമമായ പ്രവർത്തനത്തിനും സമയബന്ധിത ഫോറൻസിക് പരിശോധനകൾ പൂർത്തി യാക്കുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമായതിനാൽ ഏറ്റവും അടിയന്തരമായി സയന്റിഫിക് ഓഫീസർ (ബയോളജി) വിഭാഗത്തിൽ 8 ഉം, സയന്റിഫിക് ഓഫീസർ (കെമിസ്ട്രി) വിഭാഗത്തിൽ 7ഉം ,സയന്റിഫിക് ഓഫീസർ (ഡോക്യുമെന്റ്സ്) വിഭാഗത്തിൽ 16 ഉം ഉൾപ്പെടെ 31 തസ്തികകൾ സൃഷ്ടിക്കണമെന്നഭ്യർത്ഥിച്ച് സംസ്ഥാന പോലീസ് മേധാവി ശുപാർശ സമർപ്പിച്ചിരുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ പ്രതിവർഷം 2,45,37,864/- (രണ്ട് കോടി നാൽപ്പത്തി അഞ്ചു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി എണ്ണൂറ്റി അറുപത്തി നാല് രൂപ മാത്രം)

രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ടി. വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"It is noted that with the sanctioning of 18 posts in 2024, the total strength of scientific staff in the Forensic Science Laboratory has effectively doubled. However, while the sanctioned strength for 2024 is reported as 37 posts compared to 18 in 2020, despite 28 posts being created, the actual manpower currently stands at 46.*

*Given the pressing situation highlighted by the AD,"Finance' agrees to create an additional 12 posts as detailed below, bringing the total number of newly created posts to 40:*

*Scientific Officer (Biology)-3 Posts*

*Scientific Officer (Documents)-5 Posts*

*Scientific Officer (Chemistry)-4 Posts*

*This has the approval of Hon'ble Ministers (Finance) "*

8. ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 12 സയന്റിഫിക് ഓഫീസർ തസ്തികകൾ (ബയോളജി 3, കെമിസ്ട്രി 4, ഡോക്യുമെന്റ് 5) സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ബയോളജി വിഭാഗത്തിൽ 3 ഉം, കെമിസ്ട്രി വിഭാഗത്തിൽ 4ഉം , ഡോക്യുമെന്റ്സ് വിഭാഗത്തിൽ 5 ഉം ഉൾപ്പെടെ ആകെ 12 സയന്റിഫിക് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?